# പത്താം സമ്മേളനം

## (2018 ഫെബ്രുവരി 26 മുതൽ ഏപ്രിൽ 04 വരെ)

### (1) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനാ കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

2018 മാർച്ച് മാസം 08-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി, ഓരോ അംഗത്തിനും അവർ അംഗങ്ങളായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാ കുറിപ്പുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമാക്കുന്നതെന്നതിനാൽ പ്രസ്തുത കുറിപ്പുകൾ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുന്നതിനായി നിയമസഭാ ലൈബ്രറിയിൽ അതിന്റെ മൂന്ന് പകർപ്പുകളെങ്കിലും റഫറൻസിനായി സൂക്ഷിക്കണമെന്നും മറ്റ് സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനാ കുറിപ്പുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വോട്ട് ഓൺ അക്കൗണ്ട്, ധനവിനിയോഗ ബിൽ എന്നിവയിലൂടെ പാസാക്കി നൽകുന്ന തുകയുടെ ചെലവ് സംബന്ധിച്ച വിശദമായ വിവരം അറിയാനുള്ള അവകാശം സഭയ്ക്കുള്ളതിനാലും ഇക്കാര്യത്തിൽ അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടുന്നതിനായും മുൻ വർഷത്തെ

ചെലവ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും വ്യക്തമായ കണക്കില്ലാതെ പുതിയ ചെലവുകളുടെ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്നത് ശരിയായ നടപടിയല്ലെന്നും കൃഷി വകുപ്പ് ഇത്തവണ കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്തരം തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ചെയർ റൂളിംഗ് നൽകണമെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ഈ വിഷയം സംബന്ധിച്ച് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും പ്രത്യേകം കുറിപ്പ് നൽകുന്നതാണെന്നും മേലിൽ വീഴ്ച വരുത്താതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ധനകാര്യവും കയറും വകുപ്പുമന്ത്രിയും വ്യതിയാനങ്ങളില്ലാത്ത കേസുകളിൽ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം ഉൾപ്പെടുത്തേണ്ടതില്ലെന്ന ധാരണയിലാണ് മറുപടി നൽകിയതെന്നും കൃഷി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ധനാഭ്യർത്ഥനകളിലും വിഷയനിർണ്ണയ സമിതിയുടെ ചട്ടം 7(3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അധിക ധനം ആവശ്യപ്പെട്ടിട്ടുള്ള രണ്ടെണ്ണത്തിലും

അഞ്ച് വർഷത്തെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പുമന്ത്രിയും വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ഉന്നയിച്ച വിഷയം ഈ സഭയുടെ രണ്ടാം സമ്മേളനത്തിൽ ഉന്നയിച്ചിട്ടുള്ളതും വ്യക്തമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. 2018-19 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് വിവിധ സബ്ജക്ട് കമ്മിറ്റികൾക്ക് സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ രേഖകൾ പൂർണ്ണമല്ലെന്നും അതിൽത്തന്നെ പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് അംഗങ്ങൾക്കായി ലഭ്യമാക്കിയ കുറിപ്പുകൾ സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമായിരുന്നില്ലെന്നുള്ള പ്രധാന ആക്ഷേപം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ വിശദീകരണം നൽകിയിട്ടുണ്ട്. സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച്

---

* XIV KLA X Session Vol. No. 171/No. 7 dated 08.03.2018

അതിന്മേൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞതിനുശേഷം വീണ്ടും അതേ വീഴ്ചകൾ ആവർത്തിക്കുന്നത് ആശാസ്യമല്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇത് ആവർത്തിക്കാതിരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.”